RESOLUTION No. 29

NEED FOR ESTABLISHMENT OF MALAYALAM SCHOOLS IN THE STATE

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: ''നിർബ്ബന്ധ പ്രാഥമികവിദ്യാഭ്യാസം നടപ്പിൽവരുത്തുന്നതിന്റെ പ്രാഥമികചടങ്ങായി കൊച്ചിയിൽ വിദ്യാലയങ്ങളില്ലാത്ത എല്ലാ വില്ലേജുകളിലും ഓരോ മലയാളം സ്കൂൾ ഉണ്ടാകണമെന്ന ഒരു പ്ലാനും പോളിസിയും വേണ്ടതാണെന്ന ഈ സഭ ഗവൺമെണ്ടിനോട് ശുപാർശചെയ്യുന്നു.

സർ, കൊച്ചിരാജ്യത്തിൽ വിദ്യാലയങ്ങളില്ലാത്ത എല്ലാ വില്ലേജുകളിലും ഓരോ മലയാളം സ്കൂൾ വേണം. അങ്ങിനെയായാൽ സെക്കണ്ടറി സ്കൂളുകളിലും ഹൈസ്കൂളുകളിലും സ്ഥലമില്ലാത്ത ആ അസൌകര്യം ഇല്ലാതാകും. പ്രാഥമിക വിദ്യാഭ്യാസം നിർബ്ബന്ധമാകണമെങ്കിൽ എല്ലാ വില്ലേജുകളിലും വിദ്യാലയം വേണം. ഇന്നു ഞാൻ പ്രാതിനിദ്ധ്യംവഹിക്കുന്ന മൂന്നു വില്ലേജുകളിൽ സ്കൂളുകളില്ല. അതുകൊണ്ടു ഇങ്ങിനെ ഒരു പദ്ധതി നടപ്പാക്കിയാൽ സ്ഥലമില്ലാതെ വിഷമിക്കുന്ന അടുത്തുള്ള സ്കൂളുകളിൽനിന്നു പ്രാഥമികക്ലാസുകൾ ഈ സ്കൂളുകളിലേക്കു മാറ്റുവാൻസാധിക്കും. അങ്ങിനെ ഇപ്പോഴത്തെ അസൌകര്യം നീങ്ങുകയുംചെയ്യും. ഈ കാര്യം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണ് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: സർ, ഈ പ്രമേയത്തെ ഞാൻ ശക്തിയായിപിൻതാങ്ങുന്നു. ഏറ്റവും പ്രാധാന്യമേറിയ ഒരു വിഷയമായിട്ടാണ് ഞാൻ ഈ പ്രമേയത്തെ കണക്കാക്കുന്നതു്. ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നതു പ്രാഥമികവിദ്യാഭ്യാസം നിർബ്ബന്ധമാക്കുന്നതിനു ഒരു പ്ലാനും പോളിസിയും വേണമെന്നാണ്. പ്രാഥമിക വിദ്യാലയങ്ങളും ഇല്ലാത്ത സ്ഥലങ്ങളിൽ അതു സ്ഥാപിക്കണമെന്നാണ് അദ്ദേഹം പറയുന്നതു്. കൊച്ചിയിലെ ഇന്നത്തെ നിലക്കു ഓരോ വില്ലേജുകളിലും ഓരോ പ്രാഥമികപള്ളിക്കൂടങ്ങളും എങ്കിലും വേണം. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. അടുത്തകൊല്ലത്തിലെങ്കിലും ഓരോ വില്ലേജിലും ഓരോ പ്രാഥമികവിദ്യാലയങ്ങളും ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി ഉണ്ടാക്കുകയും അതനുസരിച്ചു് പ്രവർത്തിക്കുകയും ചെയ്യുമെന്നു വിശ്വസിച്ചുകൊണ്ടു് ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ സി. എ. ഔസേപ്പ്: സർ, ജനങ്ങൾ തിങ്ങി താമസിക്കുന്ന വില്ലേജുകളിൽ സ്കൂളുകൾ ഇല്ലാതിരുന്നാൽ അതു് ഒരു പോരായ്മയാണെന്നു ഗവൺമെണ്ടിന്നറിയാം. ഇന്നു് കുറെ വില്ലേജുകളിൽമാത്രം സ്കൂളുകൾ ഇല്ലെന്നാണ് എന്റെ അറിവു്. ചിറ്റൂർ താലൂക്കിൽ ഒരറുനൂറ്റധികം ആളുകൾ താമസമില്ലാത്ത അഞ്ചാറു് വില്ലേജുകളിൽ കൂടി സ്കൂൾ ഇല്ലെന്നു് ഞാൻ നേരിട്ടറിഞ്ഞിട്ടുണ്ടു്. എന്നാൽ മിക്ക വില്ലേജുകളിലും ഇപ്പോൾ സ്കൂളുകളുണ്ടെന്നു് എനിക്കറിയാം.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ആവശ്യത്തിലധികം സ്കൂളുകളുള്ള വില്ലേജുകൾ ഉണ്ടെന്നറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഇതു അനേഷിച്ചു ഉത്തരം പറയേണ്ട ഒരു ചോദ്യമാണു്. ഞാൻ ഇതിനിപ്പോൾ മറുപടി പറയുന്നില്ല. എന്നാൽ ഈ കാര്യത്തിൽ ഈ പ്രമേയം വരുന്നതിനു വളരെ മുമ്പുതന്നെ സ്കൂളുകൾ എവിടെയൊക്കെയാണു് മേലിൽ ആവശ്യമുള്ളതു് എന്നും മറ്റും ആലോചിക്കാൻ ആവശ്യമായ വിവരങ്ങൾ ശേഖരിച്ചുവരുന്നുണ്ടു് അതിനെ സംബന്ധിച്ച വിവരങ്ങൾ കിട്ടിയതിനുശേഷം ഈ കാര്യം ആലോചിക്കുന്നതാണെന്നു് ഗവൺമെണ്ടു് ഉറപ്പുപറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: അങ്ങിനെ വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞാൽ സ്കൂളുകളില്ലാത്ത വില്ലേജുകളിൽ സ്കൂളുകൾ സ്ഥാപിക്കാനാണോ ഉദ്ദേശം?

മിസ്റ്റർ സി. എ. ഔസേപ്പ്: അതെ.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു പറഞ്ഞതനുസരിച്ചു് ഞാൻ ഈ പ്രമേയം പിൻവലിക്കുന്നു.

Resolution, by leave' withdrawn

Resolution Nos 30 & 31 were not moved.

RESOLUTION No. 32.

IMPROVEMENT OF DIET OF THE STATE HOSPITALS

മിസ്സിസ് ടി. ഫ്രാൻസിസ്സ്: *"This assembly recommends to Government to improve the diet of the State Hospitals by supplying the necessary calories of energy which the body requires for its maintenance.*

സർ, കൊച്ചിരാജ്യത്തിലെ ആശുപത്രികളിൽ ഇൻപേഷ്യൻറ്സിനു് (in-patients)

LIBRARY ARCHIVES Kerala Legislative Assembly